അലങ്കാര മത്സ്യകൃഷി

80 [2800] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കർഷകർക്ക് പരിശീലനം നൽകുന്നതിന് സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത് എവിടെയാണെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ വർഷം കേരളത്തിലെ അലങ്കാര മത്സ്യകൃഷിയുടെ മൊത്തം ഉല്പാദനം എത്രയെന്നും ഇവ കയറ്റുമതി ചെയ്യുന്നതിന് സംവിധാനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ വർഷത്തെ കയറ്റുമതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇറയുടെ ഹാച്ചറി ഉൾപ്പെടെ സംയോജിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 1.5 ലക്ഷം രൂപ വരെ എഫ്.എഫ്.ഡി.എ.-കൾ വഴി സബ്സിഡി നൽകുന്നതിനും ഇതിനാവശ്യമായ സാങ്കേതിക സഹായങ്ങളും ജില്ലയിലുള്ള മത്സ്യകർഷക വികസന ഏജൻസികൾ വഴി നൽകിവരുന്നു.

സർക്കാരിന്റെതായി പത്തനംതിട്ടയിലുള്ള പന്നിവേലിച്ചിറയിലും കോട്ടയത്ത് പള്ളത്തും അലങ്കാര മത്സ്യങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

(ബി) മത്സ്യഫെഡ് പൊന്നാനിയിലെ വെളിയംകോട്ടുള്ള ഹാച്ചറിയിൽ വച്ച് എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും കൊച്ചിയിലുള്ള വല്ലാർപാടത്തുള്ള ട്രെയിനിംഗ് സെന്ററിലും പരിശീലനം നൽകിവരുന്നു. എഫ്. എഫ്. ഡി. എ. മുഖാന്തിരം മത്സ്യക്കൃഷിക്ക് ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ കൊച്ചിയിലുള്ള സി. എം. എഫ്. ആർ. ഐ-യും പനങ്ങാട്ടുള്ള ഫിഷറീസ് കോളേജിലും അലങ്കാര മത്സ്യക്കൃഷിക്ക് ട്രെയിനിംഗ് നടത്തിവരുന്നു.

(സി) ഇക്കാര്യത്തിൽ പ്രത്യേക കണക്ക് എടുത്തിട്ടില്ല. കേരളത്തിൽ നിന്ന് അലങ്കാര മത്സ്യങ്ങളെ നേരിട്ട് കയറ്റുമതി ചെയ്യുന്നില്ല.

(ഡി) 2003-04 വർഷത്തിൽ അഖിലേന്ത്യാതലത്തിൽ 3.02 കോടി രൂപയുടെ അലങ്കാര മത്സ്യങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട് ഇതിൽ .08 കോടി കേരളത്തിൽ നിന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly